**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1938** **15-03-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | null<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പള്ളിപ്പുറം പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയെ മൃഗാശുപത്രിയോ പോളിക്ലിനിക്കോ ആയി ഉയർത്തണമെന്ന ആവശ്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക്കുകളോ, വെറ്ററിനറി ഹോസ്പിറ്റലുകളോ നിലവിലില്ലാത്തതിനാലും, വളർത്തുമൃഗങ്ങളുടെ എണ്ണവും, കൃത്രിമ ബീജാധാനത്തിന്റെ എണ്ണവും സാമാന്യം കൂടുതലുള്ളതിനാലും ഈ പ്രദേശത്ത് ഒരു വെറ്ററിനറി പോളിക്ലിനിക്കിന്റെ ആവശ്യകതയുണ്ടെന്ന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ആയത് സംബന്ധിച്ച് എം.എൽ.എ. മുഖാന്തിരം പള്ളിപ്പുറം പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) | പ്രാഥമിക വിവര ശേഖരണവും തുടർ നടപടികളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ